അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ നൽകാൻ നടപടി

10 [*259] ശ്രീ. റോഷി അഗസ്റ്റിൻ:

,, കെ. നാരായണക്കുറുപ്പ്:

,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'അൺ എക്ണോമിക്ക്' ആയ കാരണത്താൽ നിർത്തൽ ചെയ്യപ്പെട്ട എയ്ഡഡ് സ്കൂളുകളിൽ രണ്ട് വർഷം സേവനം അനുഷ്ഠിച്ചിട്ടുള്ള അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ നൽകാൻ ഉത്തരവായിട്ടുണ്ടോ;

(ബി) അഞ്ച് വർഷം വരെ സർവ്വീസ് ഉണ്ടായിട്ടും ഡിവിഷൻ കുറവുമൂലം ജോലിയിൽനിന്നും നീക്കം ചെയ്യപ്പെട്ട നിരവധി അദ്ധ്യാപകർ ഉണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇപ്രകാരമുള്ള അദ്ധ്യാപകർക്ക് കൂടി പ്രൊട്ടക്ഷൻ നൽകി സർക്കാർ സ്കൂളുകളിൽ ഉണ്ടാകുന്ന താൽകാലിക ഒഴിവുകളിലെ നിയമനങ്ങളിൽ മുൻഗണന നൽകുന്ന കാര്യം പരിഗണിക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):

(എ) 'അൺ എക്ണോമിക്ക്' ആയ കാരണത്താൽ നിർത്തൽ ചെയ്യപ്പെട്ട എയ്ഡഡ് സ്കൂളുകളിൽ രണ്ട് വർഷത്തിനുമേൽ സേവനമനുഷ്ഠിച്ചിട്ടുള്ള അദ്ധ്യാപകരെ സർക്കാർ സ്കൂളുകളിൽ ലഭ്യമായ ഒഴിവുകളിൽ താൽകാലിക സംവിധാനം എന്ന രീതിയിൽ പുനർവിന്യസിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പ്രൊട്ടക്ഷൻ ആനുകൂല്യം ലഭ്യമാകുന്നതിനുള്ള നിബന്ധനകളിൽ മാറ്റം വരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ ഭേദഗതികൾ

11 [*260] ശ്രീ. എം. എ. വാഹീദ്:

,, വർക്കല കഹാർ:

,, ജോർജ് ജെ. മാത്യു:

പ്രൊഫ. കെ. വി. തോമസ്:

ശ്രീ. വി. ജെ. പൗലോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാങ്കിംഗ് റഗുലേഷൻ ആക്ടിൽ വരുത്തുന്ന ഭേദഗതികൾവഴി സഹകരണ രംഗത്ത് എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാനാണ് കേന്ദ്ര ഗവൺമെന്റ് ഉദ്ദേശിക്കുന്നതെന്ന് അറിയാമോ:

LIBRARY ARCHIVES Kerala Legislative Assembly